പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5658 | 27.03.2018 ൽ മറുപടിക്ക്

## പശ്ചിമ കൊച്ചിയിലെ ബോട്ട് സർവീസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് : | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) പശ്ചിമ കൊച്ചിയിലെ ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവീസുകൾ തിരക്കേറിയ സമയങ്ങളിൽ ട്രിപ്പ് മുടക്കുന്നത് സംബന്ധിച്ച് നിരവധി പരാതികൾ ഉയർന്നിട്ടും നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) നിലവിലുള്ള ബോട്ടുകളും ജീവനക്കാരും അനുബന്ധ സൗകര്യങ്ങളും പ്രയോജനപ്പെടുത്തി വകുപ്പ് പരമാവധി സർവ്വീസുകൾ നടത്തി വരുന്നു. വകുപ്പിന്റെ എറണാകുളം സ്റ്റേഷനിൽ വകുപ്പ് അംഗീകരിച്ച് നൽകിയിരിക്കുന്നത് 8 ഷെഡ്യൂളുകൾ ആണ്. ഇതിൽ 12/45, 13/40, 14/20 എന്നീ ഷെഡ്യൂൾ സർവ്വീസ് എറണാകുളം - ഫോർട്ട് കൊച്ചി വഴി മട്ടാഞ്ചേരിക്കും 13/30, 15/30 എന്നിവ എറണാകുളം - എമ്പർക്കേഷൻ ഫോർട്ടു കൊച്ചി വഴി വൈപ്പിനിലേയ്ക്കും സർവ്വീസ് നടത്തുന്നു. മേൽപ്പറഞ്ഞ എറണാകുളം - ഫോർട്ടുകൊച്ചി - മട്ടാഞ്ചേരി മൂന്ന് ഷെഡ്യൂൾ സർവ്വീസ് കൂടാതെ യാത്രക്കാരുടെ തിരക്ക് കൂടുന്നതിനനുസരിച്ച് എറണാകുളം മേഖലയിലെ വകുപ്പിന്റെ സുഗമമായ നടത്തിപ്പിനായി വകുപ്പ് നടത്തുന്ന സർവ്വീസാണ് അഡീഷണൽ സർവ്വീസ് എന്ന പേരിൽ അറിയപ്പെടുന്ന നാലാമത്തെ സർവ്വീസ്. മേൽ വിവരിച്ച എറണാകുളം - ഫോർട്ടുകൊച്ചി - മട്ടാഞ്ചേരി സർവ്വീസ് നടത്തുന്ന മൂന്ന് ബോട്ട്, എറണാകുളം - എമ്പർക്കേഷൻ - ഫോർട്ടു കൊച്ചി വൈപ്പിൻ സർവ്വീസ് നടത്തുന്ന രണ്ട് ബോട്ട് എന്നിവയ്ക്ക് ഏതെങ്കിലും ഒരു ബോട്ടിന് മുടക്കം ഉണ്ടാകുന്ന പക്ഷം അഡീഷണൽ സർവ്വീസ് നടത്തുന്ന ബോട്ട് ഉപയോഗിച്ച് ഇവ പരിഹരിച്ച് കൊള്ളണം എന്നാണ് വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നത്. ഇത്തരത്തിൽ ഉണ്ടാകുന്ന സമയങ്ങളിൽ സ്വാഭാവികമായി അഡീഷണൽ സർവ്വീസിന്റെ ചില ട്രിപ്പുകൾ മുടങ്ങാറുണ്ട്. യാത്രാ തിരക്ക് നിയന്ത്രിക്കുന്നതിനായി വകുപ്പ് തുടങ്ങിവച്ച സർവ്വീസ് ഇപ്പോൾ അഡീഷണൽ സർവ്വീസ് എന്ന പേരിൽ ആണ് അറിയപ്പെടുന്നത്. മറ്റ് ഷെഡ്യൂൾ സർവ്വീസ് മുടക്കം കൂടാതെ സർവ്വീസ് നടത്തുന്ന പക്ഷം ടി സർവ്വീസ് എറണാകുളം - ഫോർട്ടു കൊച്ചി വഴി 30 ട്രിപ്പുകൾ നടത്തുന്നുണ്ട്.<br>എറണാകുളം - എമ്പർക്കേഷൻ ഫോർട്ടു കൊച്ചി വഴിയുള്ള വൈപ്പിൻ സർവ്വീസ് മുൻകാലങ്ങളിൽ സർവ്വീസ് നടത്തിയിരുന്നത് എറണാകുളം - എമ്പർക്കേഷൻ - വൈപ്പിൻ വഴി മാത്രമാണ്. എന്നാൽ പശ്ചിമ കൊച്ചിയിലെ ജനങ്ങളുടെ യാത്രാ ക്ലേശം മനസ്സിലാക്കി പാസ്സഞ്ചേഴ്സ് അസോസിയേഷന്റെ അഭ്യർത്ഥനയെ മാനിച്ചു കൊണ്ട് ഈ സർവ്വീസ് ഫോർട്ട് കൊച്ചി വഴി ബന്ധിപ്പിച്ച് സർവ്വീസ് നടത്തുന്നതിന് വകുപ്പ് തീരുമാനം എടുക്കുകയുണ്ടായി. ഇതനുസരിച്ച് വൈപ്പിൻ സർവ്വീസിലെ യാത്രക്കാരിൽ അധികവും എമ്പാർക്കേഷനിലെ സ്ഥാപനങ്ങളിലെ ജോലിക്കാരായതിനാൽ |

| | | |
|---|---|---|
| | | രാവിലെയും വൈകുന്നേരവും ട്രിപ്പുകൾ അവർക്കായി നീക്കി വച്ചു കൊണ്ട് ബാക്കിയുള്ള ട്രിപ്പുകൾ ഫോർട്ട് കൊച്ചി വഴി തിരിച്ചു വിടുന്നുണ്ട്. |
| (ബി) | യാത്രാക്ലേശം പരിഗണിച്ച് രാവിലെയും വൈകുന്നേരവും ട്രിപ്പുകൾ മുടങ്ങാതിരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) നിലവിലുള്ള ബോട്ടുകളും ജീവനക്കാരും അനുബന്ധ സൗകര്യങ്ങളും പ്രയോജനപ്പെടുത്തി വകുപ്പ് പരമാവധി സർവ്വീസുകൾ നടത്തി വരുന്നു. മലിനീകരണത്തെ തുടർന്ന് ഉൾനാടൻ ജലാശയങ്ങളിൽ നിന്നും കൊച്ചിക്കായലിലേയ്ക്ക് ഒഴുകി എത്തുന്ന വലകൾ, പ്ലാസ്റ്റിക് കയർ, ചാക്ക്, റോപ്പുകൾ മുതലായവ സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ പ്രൊപ്പല്ലറിൽ കയറി പിടിക്കുന്നതു മൂലം പെട്ടെന്നുള്ള സർവ്വീസ് മുടക്കം ഉണ്ടാകാറുണ്ട്. ടി വസ്തുക്കൾ പങ്കയിൽ പിടിക്കുന്ന പക്ഷം ഉടൻ തന്നെ ലാസ്കർ ജീവനക്കാർ കായലിൽ ഇറങ്ങി ഇവ നീക്കം ചെയ്യുകയും ഉടനെ സർവ്വീസ് പുനരാരംഭിക്കുകയും ചെയ്യുന്നുണ്ട്. സർവ്വീസ് മുടക്കം ഒഴിവാക്കുന്നതിനായി പെട്ടെന്ന് ഉണ്ടാകുന്ന യന്ത്ര തകരാറുകൾ അപ്പപ്പോൾതന്നെ പരിഹരിക്കുന്നതിന് ടി മേഖലയിൽ അസി. വർക്ക്സ് മാനേജരുടെ മേൽ നോട്ടത്തിൽ ആവശ്യമായ മെക്കാനിക്കൽ വിഭാഗം ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. |
| (സി) | മട്ടാഞ്ചേരി ബോട്ട് ജെട്ടിയിലെ ചെളിയുടെയും വെള്ളക്കുറവിന്റെയും പേര് പറഞ്ഞ് അനാവശ്യമായി സർവ്വീസ് റദ്ദ് ചെയ്യുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; | (സി) നിലവിലുള്ള ബോട്ടുകളും ജീവനക്കാരും അനുബന്ധ സൗകര്യങ്ങളും പ്രയോജനപ്പെടുത്തി വകുപ്പ് പരമാവധി സർവ്വീസുകൾ നടത്തി വരുന്നു. ടി മേഖലയിൽ നിരന്തരം വേലിയേറ്റവും വേലിയിറക്കവും ഉണ്ടാകുന്നതിനാൽ ബോട്ടുകൾ ചാലിൽ ഉറച്ചു പോകുന്ന സാഹചര്യം മൂലം യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷയെ കരുതിയും കൂടുതൽ സർവ്വീസ് മുടക്കം ഉണ്ടാകാതിരിക്കാനും വേണ്ടി ചില സന്ദർഭങ്ങളിൽ സർവ്വീസുകൾ റദ്ദു ചെയ്യേണ്ടതായി വന്നിട്ടുണ്ട്. ടി മേഖലയിൽ ആഴം കൂട്ടൽ നടത്തുന്നതിന് പല തവണ ഇറിഗേഷൻ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | സർവ്വീസുകൾ റദ്ദ് ചെയ്യുന്നത് കണക്കിലെടുത്ത് മട്ടാഞ്ചേരി ബോട്ട് ജെട്ടിയിലെ ചെളി കോരിക്കളയുവാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | (ഡി) മട്ടാഞ്ചേരി ബോട്ട് ജെട്ടിയിലെ ചെളി കോരിക്കളയുവാൻ ഇറിഗേഷൻ വകുപ്പിൽ തുക അനുവദിച്ചിരുന്നതിനാൽ, സംസ്ഥാന ജലഗതാഗത വകുപ്പിലെ ബോട്ട് സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടി വരുന്നത് കണക്കിലെടുത്ത് മട്ടാഞ്ചേരി ജെട്ടിയിലെ എക്കൽ നീക്കുന്നതിലേയ്ക്ക് ഇറിഗേഷൻ വകുപ്പിന് നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ മട്ടാഞ്ചേരി, തേവര യാർഡ് എന്നിവിടങ്ങളിൽ ആഴം കൂട്ടൽ നടത്തുന്നതിനും 6 മാസം ഇടവിട്ട് ടി മേഖലയിൽ ആഴം കൂട്ടൽ തുടർച്ചയായി നടത്തുന്നതിനു വേണ്ട സ്ഥിരം സംവിധാനം ഒരുക്കുന്നതിനുമുള്ള കൂടിയാലോചനകൾ സർക്കാരിൽ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ മട്ടാഞ്ചേരി ബോട്ട് ജെട്ടിയുടെ അറ്റകുറ്റ പണികൾക്കും ചുറ്റും കായലിന് ആഴം കൂട്ടുന്നതിനും ഇൻലാന്റ് നാവിഗേഷൻ വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ